(ഡി) ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞു.

(ഇ) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായിട്ടാണ് സംസ്ഥാനത്ത് പ്ളസ് ടു ഏർപ്പെടുത്തിയത്. ഇതിന് ഏകീകൃത പാഠ്യക്രമവും പാഠ്യപദ്ധതിയുമാണ് ഉള്ളത്.

(എഫ്) ഉണ്ട്.

(ജി) ഈ ധാരണയുടെ അടിസ്ഥാനത്തിലാണ് യൂണിവേഴ്സിറ്റികളിലെ അധികം ജീവനക്കാരെ പുനർവിന്യസിക്കുകയും, പുതിയ നിയമനങ്ങൾ നിയന്ത്രിക്കുകയും ഒക്കെ ചെയ്യുന്നത്.

അഫിലിയേറ്റഡ് കോളേജുകളിൽ മലയാളത്തിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾ അനുവദിക്കേണ്ടതില്ല എന്ന നയം

129 (1266) ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഫിലിയേറ്റഡ് കോളേജുകളിൽ മാതൃഭാഷയായ മലയാളത്തിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾ അനുവദിക്കേണ്ടതില്ല എന്ന നയം സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ സർക്കാരിന്റെ കാലത്ത് ബിരുദ-ബിരുദാനന്തര കോഴ്സുകൾ കോളേജുകളിൽ അനുവദിക്കാതിരുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(സി) ഇനി പുതിയ കോഴ്സുകൾ അനുവദിക്കുമ്പോൾ മാതൃഭാഷയിൽ ബിരുദ-ബിരുദാന്തര കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 1999-2000 വർഷത്തേയ്ക്ക് അനുവദിച്ചിട്ടുള്ള കോഴ്സുകളിൽ സർക്കാർ പ്രൈവറ്റ് കോളേജുകളിൽ മലയാളത്തിന് ബിരുദ-ബിരുദാനന്തര കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്.

(സി) സർവ്വകലാശാലകളുടെ ശുപാർശ ലഭിക്കുന്നതനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കണ്ണൂർ സർവ്വകലാശാലയുടെ കാഞ്ഞങ്ങാട് സെന്ററിന് വേണ്ടി ഭൂമി പതിച്ചു കിട്ടുന്നതിനുള്ള നടപടി

130 (1267) ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെകാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ സർവ്വകലാശാലയുടെ കാഞ്ഞങ്ങാട് സെന്ററിന് വേണ്ടി ഹോസ്ദുർഗ്ഗ് താലൂക്കിലെ പേരോൾ വില്ലേജിലെ റവന്യൂ ഭൂമി പതിച്ചുകിട്ടുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ ?

ഉത്തരം

ഹോസ്ദുർഗ്ഗ് താലൂക്കിൽ പേരോൾ വില്ലേജിൽ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കാഞ്ഞങ്ങാട് സെന്ററിന് വേണ്ടി റീസർവേ നം.189/1 എ 9,10,11 എന്നിവയിൽപ്പെട്ട 12 ഏക്കർ ഭൂമി പാട്ടത്തിന് നൽകാനുള്ള നടപടി ഏകദേശം പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly